പതിനാലാം കേരള നിയമസഭ

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 192** | 14-6-2019 ൽ മറുപടിക്ക്

## പൊതുമേഖലാസ്ഥാപനങ്ങളുടെ പുനരുദ്ധാരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ.ആൻസലൻ<br>ശ്രീ. എം. മുകേഷ്<br>ശ്രീ.എം. നൗഷാദ്<br>ശ്രീ.പി.കെ.ശശി** | | **ശ്രീ. ഇ.പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** | |
| എ) | കേരള ഓട്ടോമൊബൈൽസിനെ നവീകരിച്ച് പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ഇലക്ട്രിക് ഓട്ടോറിക്ഷ നിർമ്മിച്ച് വിപണിയിലെത്തിക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | എ) | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിൽ ഇലക്ട്രിക്ക് മുച്ചക്ര വാഹനങ്ങളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇലക്ട്രിക്ക് ആട്ടോയുടെ പ്രൊട്ടോടൈപ്പ് നിർമ്മിച്ച് എ.ആർ.എ.ഐ സർട്ടിഫിക്കേഷനായി പൂനയിൽ അയച്ചിരിക്കുകയാണ്. സർട്ടിഫിക്കേഷൻ ലഭ്യമാകുന്നതിനനുസരിച്ച് നിർമ്മാണം ആരംഭിക്കുന്നതാണ്. ഇലക്ട്രിക്ക് മുച്ചക്ര വാഹനത്തിന്റെ പ്രീ-ലോഞ്ചിങ് നടത്തുകയും ആട്ടോമോട്ടീവ് റിസർച്ച് അസോസിയേഷൻ ഓഫ് ഇൻഡ്യയുടെ അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷ നൽകിയിരിക്കുകയാണ്. |
| (ബി) | തകർച്ചയിലായിരുന്ന മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളെ വൈവിധ്യവൽക്കരിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | ബി) | ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽ നടത്തിയ പ്രവർത്തന അവലോകനത്തിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന സൗകര്യങ്ങളിലും സാങ്കേതിക വിദ്യകളിലും കാലോചിതമായ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കിയെങ്കിൽ മാത്രമേ വിപണിയിൽ നിന്നും നേരിടുന്ന മത്സരങ്ങളെ അതിജീവിക്കത്തക്കവിധത്തിൽ സ്ഥാപനങ്ങളെ സജ്ജമാക്കുവാൻ കഴിയുകയുള്ളൂവെന്ന് മനസ്സിലാക്കുവാൻ സാധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്ക്കരണം, വിപുലീകരണം എന്നിവയ്ക്കായി വിവിധ നവീകരണ വിപുലീകരണ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി വരുന്നു. |

ഇതിനായി ബഡ്ജറ്റിൽ നിന്നും കൂടുതൽ ധനസഹായവും സർക്കാർ അനുവദിച്ചുവരുന്നു. 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും അതിൽ നിന്ന് 100.94 കോടി രൂപ വിവിധ പൊതുമേഖലാസ്ഥാപനങ്ങൾക്കായി റിലീസ് ചെയ്ത് നൽകുകയും ചെയ്തു. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതമായി 270 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും അതിൽ നിന്ന് 103.75 കോടി രൂപ വിവിധ പൊതുമേഖലാസ്ഥാപനങ്ങൾക്കായി റിലീസ് ചെയ്ത് നൽകുകയും ചെയ്തു. കൂടാതെ 2017-18 സാമ്പത്തിക വർഷം അധിക ധനസഹായമായി 13 കോടി രൂപയും വകയിരുത്തിയിട്ടുണ്ടായിരുന്നു. 2018-19 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള ധനസഹായമായി ബഡ്ജറ്റിൽ 297.35 കോടിരൂപ വകയിരുത്തുകയും അതിൽ നിന്നും സ്ഥാപനങ്ങളുടെ വിവിധ പദ്ധതികൾക്കായി 148.04 കോടി രൂപ നൽകുകയും ചെയ്തു. 2019-20ൽ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 299.35 കോടിരൂപ വകയിരുത്തിയിട്ടുണ്ട്. ഓരോ സ്ഥാപനത്തേയും പ്രവർത്തന അവലോകത്തിനു വിധേയമാക്കുന്നതിനാൽ പ്രവർത്തന സംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായി തന്നെ പരിഹാരം കണ്ടെത്തുവാൻ കഴിയുന്നുണ്ട്. മാസം തോറും നടത്തിവരുന്ന പ്രവർത്തന അവലോകനങ്ങളുടെ ഫലമായി അനുകരണീയമാക്കാവുന്ന മാനേജ്മെന്റ് നടപടിക്രമങ്ങൾ മറ്റുള്ള സ്ഥാപനങ്ങളിലേയ്ക്കും പകർന്നു നൽകുവാൻ സഹായകമായിട്ടുണ്ട്. ഈ രീതിയിലുള്ള ഇടപെടലുകൾ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഉൽപ്പന്നങ്ങളുടെ വൈവിധ്യ

വത്ക്കരണത്തിനും വിപുലീകരണത്തിനും സഹായകമായിട്ടുണ്ട്.

(സി) കൊല്ലത്തെ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് കമ്പനി കഴിഞ്ഞ മൂന്ന് വർഷം കൊണ്ട് കൈവരിച്ച നേട്ടം എന്തെല്ലാമാണ്;

സി)

- 2017-18 സാമ്പത്തിക വർഷത്തിൽ 14,050 സെറ്റ് 11 കെ.വി എ.ബി സ്വിച്ചിന്റെ ഓർഡർ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിന്നും ലഭിക്കുകയും, സപ്ലൈ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതു വഴി 16.89 കോടി രൂപയുടെ വിറ്റുവരവുണ്ടായി.
- 2018-19-ൽ 14,050 എ.ബി. സ്വിച്ചിന്റെ മറ്റൊരു ഓർഡർ കൂടി കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിന്നും ലഭിക്കുകയും ചെയ്തിട്ടുണ്ട്. അത് വിതരണം ചെയ്തു കൊണ്ടിരിക്കുകയുമാണ്.
- 2018 ജൂലൈ 4 ന് എൽ.ഇ.ഡി. തെരുവ് വിളക്ക് നിർമ്മാണ യൂണിറ്റ്, നവീകരിച്ച വാട്ടർ മീറ്റർ നിർമ്മാണ യൂണിറ്റ്, റിസർച്ച് & ഡെവലപ്മെന്റ് (ആർ &ഡി) എന്നീ മൂന്ന് പദ്ധതികളുടെ ഉദ്ഘാടനം നടത്തുകയുണ്ടായി.

പ്രതിദിനം 500 യൂണിറ്റ് എൽ.ഇ.ഡി. തെരുവ് വിളക്ക് നിർമ്മിക്കാനുള്ള സജ്ജീകരണങ്ങൾ ചെയ്തിട്ടുണ്ട്. എൽ.ഇ.ഡി. തെരുവ് വിളക്കിനുള്ള ഓർഡർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുകയാണ്.

- 2018-19 കാലയളവിൽ 28.46 കോടി രൂപ വിറ്റുവരവ് ഇനത്തിൽ കമ്പനിയ്ക്ക് ലഭിയ്ക്കുകയുണ്ടായി, ഇത് കഴിഞ്ഞ 10 വർഷത്തിലെ ഉയർന്ന വിറ്റുവരവാണ്.
- 2019 മെയ് 15 ന് യൂണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ പുതിയ ഉല്പന്നമായ വെഹിക്കിൾ ട്രാക്കിംഗ് ആന്റ് സ്പീഡ് മോണിറ്ററിംഗ് സിസ്റ്റം (വി.ടി.എസ്) Phoenix-140 ന്റെ പ്രകാശനകർമ്മം നടത്തുകയുണ്ടായി. ഇതിന്റെ വിപണനം നല്ല രീതിയിൽ നടക്കുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പൊതുമേഖലാസ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി എത്ര തുക ചെലവഴിച്ചെന്ന് അറിയിക്കാമോ?

ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസന പദ്ധതികൾക്കായി കൂടുതൽ തുക ബഡ്ജറ്റിൽ പ്രത്യേകം വകയിരുത്തി നൽകിവരുന്നു.

2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ

വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നതിൽ നിന്നും 100.94 കോടി രൂപ റിലീസ് ചെയ്തു നൽകി. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതമായി നൽകിയ 270 കോടി രൂപയിൽ 103.75 കോടി രൂപ വിവിധ നവീകരണ വിപുലീകരണ പദ്ധതികളുടെ ധനസഹായമായി നൽകുകയും ചെയ്തു. 2017-18 സാമ്പത്തിക വർഷം അധിക ധനസഹായമായി 13 കോടിരൂപയും നൽകിയിരുന്നു. 2018-19 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള ധനസഹായമായി ബഡ്ജറ്റിൽ 297.35 കോടിരൂപ വകയിരുത്തുകയും 148.04 കോടി രൂപ വിവിധ പദ്ധതികൾക്കായി റിലീസ് ചെയ്ത് നൽകുകയും ചെയ്തു. 2019-20ൽ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 299.35 കോടിരൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക സ്ഥാപനങ്ങൾക്ക് അനുവദിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ